# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5029 24.07.2015-ലെ മറുപടിയ്ക്ക്

## പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിനായി എല്ലാ വിധ ആനുകൂല്യങ്ങളും സർക്കാർ നൽകിവരുന്നു. എന്നിരുന്നാലും മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ 50% പേർക്കു പോലും പ്രവേശനം ലഭ്യമാകുന്നില്ല. ഇപ്രകാരം യോഗ്യരായ വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ പിന്തള്ളപ്പെട്ടു പോകുന്ന സാഹചര്യം ഒഴിവാക്കി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടിയാണ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്ന തരത്തിൽ പാലക്കാട് ഒരു മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും തുടങ്ങണമെന്ന് സർക്കാർ |

| | |
|---|---|
| | തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയും അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി 559.68 കോടി രൂപയുടെ പ്രോജക്ടിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 101.73 കോടി രൂപ ടി പ്രോജക്ടിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 150 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 150 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണത്തിനായി 1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം "ദി സൊസൈറ്റി ഫോർ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് " എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക് ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി 19/09/2014-ന് ഉദ്ഘാടനം നിർവ്വഹിക്കുകയും അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെയും അനുബന്ധ കെട്ടിട ങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

Rashmi

സെക്ഷൻ ഓഫീസർ